**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 623** **26-07-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവർത്തനങ്ങൾക്കായി കർമ്മപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാത്തത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിനു കീഴിൽ ക്രമീകരിക്കുന്ന പ്രവൃത്തികൾ കരാർ വ്യവസ്ഥ പ്രകാരമുള്ള നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ കോവിഡ് വ്യാപനം, പ്രതികൂലമായ കാലാവസ്ഥ, പോസ്റ്റുകൾ, കേബിളുകൾ, പൈപ്പുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസം പ്രവൃത്തികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരുടെ വീഴ്ച മൂലം പ്രവൃത്തികളിൽ കാലതാമസമുണ്ടാകുന്ന പക്ഷം കരാറുകാർക്കെതിരെ SBD നിബന്ധനകൾ, PWD Manual എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നു. |
| (ബി) | എസ്റ്റിമേറ്റുകൾ സമർപ്പിച്ചതിനു ശേഷം ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതും പൂർണ്ണമായും ഭരണാനുമതി ലഭിക്കാത്തതും വകുപ്പിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പ്രവർത്തികൾക്ക് മുൻഗണനാ ക്രമമനുസരിച്ച്, എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാറില്ല. ഭരണാനുമതി ലഭ്യമായ ശേഷം റേറ്റ് റിവിഷൻ ഉണ്ടാകുന്ന സാഹചര്യത്തിൽ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനു മുൻപ് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടുന്ന സാഹചര്യം ഉണ്ടാകുന്നതിനാൽ പദ്ധതി നിർവ്വഹണത്തിൽ ചിലപ്പോഴെല്ലാം കാലതാമസം ഉണ്ടാകുന്നുണ്ട്. ബിറ്റുമിൻ നിരക്കിൽ ഉണ്ടാകുന്ന വ്യതിയാനം, പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തുടങ്ങിയ മുൻകൂട്ടി മനസ്സിലാക്കാനാകാത്ത കാരണങ്ങളാൽ ഭരണാനുമതി തുകയിൽ നിന്നും വ്യതിയാനം ഉണ്ടാകുന്ന അവസരങ്ങളിൽ പുതുക്കിയ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (സി) | ഭരണാനുമതി തേടി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സാഹചര്യത്തിൽ റേറ്റ് റിവിഷൻ ഉണ്ടാകുന്നത് പദ്ധതി നിർവ്വഹണത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ; | (സി) | ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പ്രവർത്തികൾക്ക് മുൻഗണനാ ക്രമമനുസരിച്ച്, എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാറില്ല. ഭരണാനുമതി ലഭ്യമായ ശേഷം റേറ്റ് റിവിഷൻ ഉണ്ടാകുന്ന സാഹചര്യത്തിൽ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനു മുൻപ് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടുന്ന സാഹചര്യം ഉണ്ടാകുന്നതിനാൽ പദ്ധതി നിർവ്വഹണത്തിൽ ചിലപ്പോഴെല്ലാം കാലതാമസം ഉണ്ടാകുന്നുണ്ട്. ബിറ്റുമിൻ നിരക്കിൽ ഉണ്ടാകുന്ന വ്യതിയാനം, പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തുടങ്ങിയ മുൻകൂട്ടി മനസ്സിലാക്കാനാകാത്ത കാരണങ്ങളാൽ ഭരണാനുമതി തുകയിൽ നിന്നും വ്യതിയാനം ഉണ്ടാകുന്ന അവസരങ്ങളിൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (ഡി) | എങ്കിൽ മേൽപ്പറഞ്ഞ പോരായ്മകൾ അടിയന്തരമായി പരിഹരിച്ചുകൊണ്ട് പ്രോജക്ടുകൾ യഥാസമയം പൂർത്തികരിക്കുവാൻ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പ്രവർത്തികൾക്ക് മുൻഗണനാ ക്രമമനുസരിച്ച്, എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതനുസരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാറില്ല. ഭരണാനുമതി ലഭ്യമായ ശേഷം റേറ്റ് റിവിഷൻ ഉണ്ടാകുന്ന സാഹചര്യത്തിൽ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനു മുൻപ് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടുന്ന സാഹചര്യം ഉണ്ടാകുന്നതിനാൽ പദ്ധതി നിർവ്വഹണത്തിൽ ചിലപ്പോഴെല്ലാം കാലതാമസം ഉണ്ടാകുന്നുണ്ട്. ബിറ്റുമിൻ നിരക്കിൽ ഉണ്ടാകുന്ന വ്യതിയാനം, പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തുടങ്ങിയ മുൻകൂട്ടി മനസ്സിലാക്കാനാകാത്ത കാരണങ്ങളാൽ ഭരണാനുമതി തുകയിൽ നിന്നും വ്യതിയാനം ഉണ്ടാകുന്ന അവസരങ്ങളിൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ